



# ചെങ്കടലിന്റെ പക്ഷി

**യെമനിലെ 'ഹൊദൈദാ' നഗരത്തിൽനിന്നുള്ള കുറിപ്പുകൾ**

സി.എസ്. രാജൻ

**അവിചാരിതമായി** കിട്ടിയ ഒരു അവധിദിവസം ഉച്ചയോടെ, കടൽക്കരയിലുള്ള മത്സ്യച്ചന്തയിലേക്ക് പോയതായിരുന്നു. കടലിലേക്ക് ഇറക്കിപ്പണിതിരിക്കുന്ന ഒരു വലിയ ബോട്ടുജെട്ടി പോലുള്ള സ്ഥലമാണ് മത്സ്യച്ചന്ത. പുലർച്ചെ എത്തുന്ന മീനുകൾ അപ്പോൾത്തന്നെ വിറ്റഴിക്കപ്പെടുന്നു, ഇവിടുത്തെ പ്രധാനചന്ത. ചന്തസമയം കഴിഞ്ഞിരുന്നതിനാൽ, ഓളത്തിലാടുന്ന കുറെ ഒഴിഞ്ഞ തോണികളും, വട്ടമിടുന്ന കടൽക്കാക്കകളും മാത്രമേയുണ്ടായിരുന്നുള്ളൂ. തിരിച്ചു പോരാനൊരുങ്ങുമ്പോൾ കുറച്ചകലെ ഒരു തോണിയിൽ ഒരാൾ ഇരുന്ന് മീനുകൾ തരംതിരിക്കുന്നതുകണ്ടു. അട്ടിയിട്ടിരിക്കുന്ന വലകളും തോണികളും ചാടിക്കടന്ന് അയാളുടെ അടുത്തെത്തി. തലയുയർത്തിനോക്കി അയാൾ ചോദിച്ചു: "നിനക്ക് ഐല വേണോ?" എന്ന്. അറബിയിലാണ് ചോദിച്ചതെങ്കിലും 'ഐല' എന്ന മലയാളം പേര് പറയുന്നതുകേട്ട് അത്ഭുതപ്പെട്ടു നിൽക്കുമ്പോൾ അയാൾ വീണ്ടും പറഞ്ഞു: "എനിക്ക് മലയാളത്തിലെ നിങ്ങളുടെ കുറെ മീനുകളുടെ പേരുകൾ അറിയാം". കൂടുതൽ വിസ്മയപ്പെട്ട് നിൽക്കുമ്പോൾ അയാൾ അയാളുടെ കഥ പറഞ്ഞു. ഒരിന്ത്യക്കാരനായിരുന്ന മുതുമുത്തച്ഛന്റെ താവഴിയിൽപ്പെട്ട അയാൾ ഒരു കപ്പൽജോലിക്കാരനായിരുന്നതും, കോഴിക്കോടും കൊച്ചിയിലുമൊക്കെ പല തവണ പോയിട്ടുള്ളതും, കോഴിക്കോട്ടുനിന്ന് കല്യാണം കഴിച്ചിട്ടുള്ളതും ഭാര്യയെയും രണ്ടുമക്കളെയും കാണാൻ ഇടയ്ക്ക് കോഴിക്കോട്ടേക്ക് പോകാറുള്ളതുമൊക്കെയായ കഥ. ഈ കഥ നഗരത്തിന്റെ എഴുതപ്പെടാത്ത ഓർമ്മയാണ്. ഈ ഓർമ്മയുടെ പഴമ പതിഞ്ഞുകിടക്കുന്ന 'സൂക്ക് അൽ ഹുനൂദ്' (ഇന്ത്യക്കാരുടെ ചന്ത) എന്ന നഗരപ്രാന്തപ്രദേശത്താണ് ഇയാൾ താമസിക്കുന്നത്. നഗരത്തിന്റെ തിരക്കിൽനിന്നും നിറപ്പകിട്ടിൽനിന്നും വഴിപിരിഞ്ഞ്, പഴയ കല്ലുകൾ പാകിയ നടപ്പാതകളും ചെറിയ ഇഷ്ടികകൾ കൊണ്ട് പണിത ചുവരുകളും കൊത്തുപണികളുള്ള പൂതലിച്ച മരവാതിലുകളും ഭൂതകാലം വിൽപ്പനക്കുവെച്ചിരിക്കുന്നതുപോലെ തുറന്നിരിക്കുന്ന പഴയ വെള്ളിയാഭരണശാലകളും, സുഗന്ധവ്യഞ്ജനകടകളും മറ്റുമുള്ള ഈ പ്രദേശം ഒരിന്ത്യൻ കുടിയേറ്റത്തിന്റെ അടയാളങ്ങൾ പേറുന്നതാണ്. ഇവിടെ കഴിയുന്ന തദ്ദേശവാസികൾക്ക് ഇന്ത്യൻ മുഖഛായയും പലപ്പോഴും ഒരു മലയാളി അവർണ്ണന്റെ ശരീരഭാഷയുമാണ് ഉള്ളത്. മത്സ്യത്തൊഴിലാളികൾക്കാവട്ടെ, മലബാറിന്റെ വസ്ത്രധാരണരീതികളും, അതേ കള്ളിമുണ്ട്, അതേ പച്ച അരപ്പട്ട, അതേ വട്ടത്തൊപ്പി, അതേ മാപ്പിള സാഹോദര്യം.

ഇത് ഹൊദൈദ എന്ന നഗരം. ഭൂപടത്തിൽ അറേബ്യൻ നാടുകൾക്കും ആഫ്രിക്കൻ വൻകരയ്ക്കുമിടയിൽ ഇരട്ടവാ തെക്ക് കിഴക്കേ അറ്റത്തുള്ള യെമൻ റിപ്പബ്ലിക്കിലെ പ്രധാന തുറമുഖ നഗരമാണിത്.

## അല്പം ചരിത്രം

അറേബ്യൻ ഉപദ്വീപിലെ സമ്പന്നമായ പ്രാചീനസംസ്കാരം നിലനിന്നിരുന്ന കേന്ദ്രങ്ങളിൽ ഒന്നാണ് യെമൻ. ഫലഭൂയിഷ്ഠമായ മണ്ണും സുലഭമായി ലഭിക്കുന്ന മഴയും അതുവഴി അനുകൂല കാലാവസ്ഥയും സ്വയംപര്യാപ്തമായ ഒരു സമൂഹത്തെ ഇവിടെ നിലനിർത്തി. നിബിഡമായ മരത്തോപ്പുകളിലൂടെ സ്ത്രീകൾ, ഒഴിഞ്ഞ കുട്ടകളും തലയിലേറ്റി നടക്കുന്നതും കാറ്റിൽ പൊഴിഞ്ഞുവീഴുന്ന കായ്കനികളാൽ അവരുടെ കുട്ടകൾ സ്വയം നിറയുന്നതുമായ ഒരു ചിത്രം ഇവരുടെ വാമൊഴിക്കഥകളിലുണ്ട്. ഇവരുടെ സമ്പൽസമൃദ്ധിയിൽ വിസ്മയം കൊണ്ടിട്ടാണ്, ഗ്രീക്ക് ഭൂമിശാസ്ത്രജ്ഞനായിരുന്ന ടോളമി, 'സന്തോഷിക്കുന്ന അറബിനാട്' എന്ന പ്രശസ്തമായ വിശേഷണം ഇവർക്ക് നൽകിയത്. അനവധി സംസ്കാരങ്ങളുടെ ആധിപത്യത്തിന് കീഴിലായിരുന്നിട്ടും 'സബാ' രാജവംശത്തിന്റെ ഭരണകാലത്താണ് കൃഷിയും വ്യാപാരവും അഭിവൃദ്ധിപ്പെട്ടത്. അറബിക്കുന്തിരിക്കം ഉൾപ്പെട്ട സുഗന്ധദ്രവ്യങ്ങളും സുഗന്ധവ്യഞ്ജനങ്ങളും കൃഷിചെയ്യുകയും ഒട്ടകങ്ങൾ മുഖേന മറ്റ് അറ

ബിനാടുകളിലേക്കും കപ്പൽമാർഗ്ഗം ഇന്ത്യയിലേക്കും ഇക്കാലത്ത് കയറ്റി അയച്ചിരുന്നു. ഇവിടുത്തെ സമ്പത്തിലും സമൃദ്ധിയിലും ആകൃഷ്ടരായി അനേകം രാജ്യങ്ങളാൽ ആക്രമിക്കപ്പെടുകയും ഭരിക്കപ്പെടുകയും ചെയ്തിട്ടുള്ള പ്രാചീനചരിത്രമാണ് യെമനുള്ളത്. അതിൽ മുഹമ്മദ് നബിയുടെ ജീവിതകാലത്ത് ഇവിടെ ഭരിച്ചിരുന്ന 'ബാദാൻ' എന്ന പേർഷ്യൻ ഗവർണ്ണർ ഇസ്ലാംമതം സ്വീകരിക്കുന്നതോടെയാണ് ഇവിടത്തെ ജനങ്ങൾ ഇസ്ലാംമതം പിന്തുടരാൻ തുടങ്ങിയതും യെമൻ, ഇസ്ലാമിക സാമ്രാജ്യത്തിന്റെ ഒരു പ്രവിശ്യയായിതീർന്നതും.

യെമന്റെ മദ്ധ്യകാലചരിത്രം പ്രാദേശിക 'ഇമാം'മാരുടെ കിടമത്സരങ്ങളുടെ പുരാവൃത്തമാണ്. അക്കാലത്ത് യെമൻ, വ്യത്യസ്ത രാജവംശങ്ങളിൽപ്പെട്ട ഇമാമുകളുടെ ഭരണത്തിൻ കീഴിലായിരുന്നു. അവരാണ്, ആധുനികകാലംവരെയും ഇവിടെ നിലനിന്നിരുന്ന ഒരു മതാധിഷ്ഠിത രാഷ്ട്രീയഘടന ഇവിടെ സ്ഥാപിച്ചത്. ഇമാമുകളുടെ ഭരണകാലത്താണ് തുർക്കികളുടെ അധിനിവേശമുണ്ടായത്. എന്നാൽ, ഇമാമുകളുടെ ശക്തമായ പ്രതിരോധം മൂലം ഓട്ടോമാൻ സുൽത്താൻമാർക്ക് യെമന്റെ തീരപ്രദേശങ്ങളിൽ മാത്രമായി ഭരണം നിലനിർത്തേണ്ടിവന്നു.

19-ാം നൂറ്റാണ്ടിൽ, ആഭ്യന്തരമായ വിഘടനങ്ങളാൽ ഇമാമുകളുടെ ഭരണകൂടം തകർന്നടിയുന്നതോടെ, തുർക്കികൾ യെമന്റെ വടക്കുഭാഗം കീഴടക്കുകയും 1872ൽ ഇപ്പോഴത്തെ തലസ്ഥാനമായ 'സന'യെ തങ്ങളുടെ കേന്ദ്രമാക്കുകയും ചെയ്തു.

ഇതിനിടെ 1832ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി, യെമന്റെ തെക്കുഭാഗത്തെ ഏദൻ തുറമുഖം പിടിച്ചെടുക്കുകയും ഏദൻ നഗരം കേന്ദ്രമാക്കി ഒരു സംരക്ഷിതരാജ്യം രൂപപ്പെടുത്തുകയും ചെയ്തു. 1937ൽ സൂയസ് കനാൽ തുറന്നതോടെ ചെങ്കടലിലെ ഗതാഗതം വർദ്ധിക്കുകയും യെമൻ സൈനികവും വ്യാപാരപരവുമായ ഒരു പ്രധാനകേന്ദ്രമാവുകയും ചെയ്തു. അക്കാലങ്ങളിൽ ഇന്ത്യയിൽനിന്ന് സൈനികരും വ്യാപാരികളുമായി ഏദനിലും ചുറ്റുമുള്ള പ്രദേശങ്ങളിലും കുടിയേറിയവരുടെ തലമുറ ഇപ്പോഴും ഇന്ത്യൻ



അൽഹൊജാറിയയിൽ ഒട്ടകങ്ങളെ സംരക്ഷിക്കുന്ന ഒരു വൃദ്ധൻ

ജീവിതശൈലിയിൽത്തന്നെ ഒഴിയുന്നു. അക്കാലത്ത് നിർമ്മിച്ചിട്ടുള്ള ഒരു ഹിന്ദുക്ഷേത്രവും അവിടെ സർക്കാരിനാൽ നിയമിതനായ ഒരു പൂജാരിയും ഇപ്പോഴും ഏദനിൽ ഉണ്ട്. വടക്ക് ഭരിക്കുന്ന തുർക്കികളും തെക്ക് ബ്രിട്ടീഷുകാരും തമ്മിൽ ഉണ്ടാക്കിയ ഒരു ഉടമ്പടി പ്രകാരം അദൃശ്യമായ ഒരതിർത്തിയിൽ യെമൻ രണ്ടു രാജ്യങ്ങളായി നിലനിന്നു. തുർക്കികളുടെയും ബ്രിട്ടീഷുകാരുടെയും സാന്നിദ്ധ്യം പൊതുശത്രുവിനെതിരെ വീണ്ടും ഒന്നിക്കാൻ ഇമാമുകളെ സഹായിച്ചു. 1905 ഓടെ ഇമാമുകളുടെ നേതൃത്വത്തിലുള്ള ഗോത്രവർഗ്ഗസൈന്യം തുർക്കികൾക്കും ബ്രിട്ടീഷുകാർക്കുമെതിരെ ഗറില്ലായുദ്ധരീതിയിലുള്ള ഒളിപ്പോരാട്ടങ്ങൾ ശക്തമാക്കി.

1918ൽ ഓട്ടോമാൻ സാമ്രാജ്യത്തിൽനിന്നും സ്വതന്ത്രമായ വടക്കേ യെമൻ പിന്നീട് ഇമാമുകളും ദേശീയവാദികളും തമ്മിൽ നടന്ന ഒരു ആഭ്യന്തര കലാപത്തിനുശേഷം 1962ൽ ജനാധിപത്യരാജ്യമാവുകയും തെക്ക്, ഏദനിൽനിന്ന് 1967ൽ ബ്രിട്ടീഷുകാർ പിൻവാങ്ങുകയും അത് 'തെക്കേ യമൻ' എന്ന സ്വതന്ത്രരാജ്യമാവുകയും ചെയ്യുന്നതോടെയാണ് യെമന്റെ ആധുനികചരിത്രം ഏദൻ കേന്ദ്രമായി തെക്കേയമനിൽ ഒരു കമ്മ്യൂണിസ്റ്റ് ഭരണ ഒരു ഏകീകൃത യെമനുവേണ്ടിയുള്ള ശ്രമം തുടങ്ങുകയും, 1990 മെയ് 22ന് അത് ഔപചാരികമായി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ, ഒത്തുതീർപ്പുവ്യവസ്ഥകളിലെ ചിലരൂക്ഷമായ വിയോജിപ്പുകൾമൂലം തെക്കേയമനിലെ പ്രസിഡന്റ് സ്വയംപിൻവാങ്ങിയതോടെ, 1994 മെയ്മാസത്തിൽ ഒരു ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെടുകയും 1994 ജൂലൈ 7ന് ഇപ്പോഴത്തെ പ്രസിഡന്റ് അലി അബ്ദുള്ളസാലയുടെ നേതൃത്വത്തിലുള്ള സൈന്യം ഏദൻ പിടിച്ചടക്കുകയും യെമൻ റിപ്പബ്ലിക് എന്ന ഏകരാജ്യം നിലവിൽവരികയും ചെയ്തു.

യെമനിൽ ഭരണത്തിലുണ്ടായിരുന്ന ഇമാമുകൾ, ഷിയാമുസ്ലിങ്ങളിലെ 'സെയ്ദി' വിഭാഗത്തിൽപ്പെട്ട ഗോത്രവർഗ്ഗക്കാരാണ്. മുഹമ്മദ്നബിയുടെ കുടുംബപരമ്പരയിൽപ്പെട്ടവരാണെന്ന് സ്വയം അവകാശപ്പെടുന്ന ഇവർ, യെമൻ ഒരു ജനാധിപത്യരാജ്യമായല്ല, മറിച്ച് ഒരു ഇസ്ലാമിക രാഷ്ട്രമായാണ് നിലനിൽക്കേണ്ടതെന്ന് തീവ്രമായി വാദിക്കുന്നവരാണ്. ഇവരുടെ പുതുതലമുറയുടെ നേതൃത്വത്തിലുള്ള "യുവവിശ്വാസികൾ" (ഷബാബ് അൽ മ്മ്മീൻ) എന്ന വിമത സംഘടന 2000മാണ്ടോടെ ഉൾനാടുകളിൽ പ്രക്ഷോഭങ്ങൾ തുടങ്ങിവെച്ചിട്ടുണ്ട്. ഈ പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ടാവാം യെമന്റെ വരുംകാലചരിത്രം രൂപപ്പെടുക.

*(തുടരും)*

**മഴക്യാമ്പ്**
ജൂലായ് 11, 12, 13 വയനാട്ടിൽവെച്ച്
പ്രതീഷ് : 9249898034